**സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: അനുപമ T.V IAS, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് )**

**വിഷയം:-** വനിത ശിശു വികസന വകുപ്പ്-ഐ.സി.പി.എസ്-എസ്.സി.പി.എസ്.- ആലപ്പുഴ, പാലക്കാട്, വയനാട് ജില്ലകളിലെ CWC, JJB-യിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ 2020-2021 സാമ്പത്തിക വർഷത്തെ വേതനം അനുവദിച്ച് ഉത്തരവാകുന്നു.

**പരാമർശം:-** ആലപ്പുഴ,പാലക്കാട്,വയനാട് എന്നീ ജില്ലകളിൽ നിന്നും ലഭിച്ച സ്ഥാപന സൂപ്രണ്ട്മാരുടെ അപേക്ഷകൾ

***ഉത്തരവ് നമ്പർ–ICPS-4(A)/1139/20 തീയതി :13.01.2021***

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആലപ്പുഴ,പാലക്കാട്,വയനാട് ജില്ലകളിലെ CWC, JJB-യിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ 2020-2021 സാമ്പത്തിക വർഷത്തെ വേതനം അനുവദിക്കുന്നതിനായി പരാമർശം പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ആലപ്പുഴ,പാലക്കാട്,വയനാട് എന്നീ ജില്ലകളിലെ CWC, JJB-യിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് 2020-2021 സാമ്പത്തിക വർഷം പ്രതിമാസം 19,670/-രൂപ നിരക്കിലും, ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് പ്രതിദിനം 715/-രൂപ നിരക്കിലും പരമാവധി ഒരു മാസം 19,305/-രൂപ നൽകുന്നതിന് താഴെ പറയുന്ന രീതിയിൽ ആകെ **3,33,351/-രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തി മൂവായിരത്തി മുന്നൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം )** അനുവദിച്ച് ഉത്തരവാകുന്നു.

| SL.NO | DISTRICT | DEO NAME | CWC | JJB | TOTAL | REMARKS |
|---|---|---|---|---|---|---|
| 1 | GOV.OBSERVATION HOME,ALAPPUZHA | MAJILA.M | | 157360 | 157360 | JUN-2020 TO FEB-2021 |
| 2 | GOV.CHILDRENS HOME(BOYS),PALAKKAD | KASAVAN PM | 37,988 | | 37,988 | DEC-2020 TO FEB - 2021 |
| 3 | GOV.CHILDRENS HOME(BOYS),PALAKKAD | AISWARIYA PM | | 39,653 | 39,653 | DEC-2020 TO FEB - 2021 |
| 4 | GOV.CHILDRENS HOME WAYANAD | SAJITHA | 98,350 | | 98,350 | OCT-2020 TO FEB-2021 |
| | TOTAL AMOUNT | | | | 3,33,351 | |

ടി തുക **3,33,351/-രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തി മൂവായിരത്തി മുന്നൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം )** ഐ.സി.പി.എസിന്റെ ശീർഷകമായ 2235-02-102-61 (P) 34-OC യിൽ നിന്നും അതാതു ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമ്മാരുടെ പേരിൽ അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതും, ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ബന്ധപ്പെട്ട സൂപ്രണ്ടുമാരുടെ

പേരിൽ അലോട്ട്മെന്റ് ആയി അനുവദിക്കേണ്ടതുമാണ്. സൂപ്രണ്ട് തുക കൈപ്പറ്റിയ രസീത്, തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, Expenditure Statement എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ജീവനക്കാർക്ക് ചെക്കായോ/ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ മുഖേനയോ മാത്രമേ ശമ്പളം അനുവദിക്കാൻ പാടുള്ളൂ.

ടി തുക ICPS-ന്റെ Component ആയ CWC-JJB എന്നിവയിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. തുകയുടെ 35% കേന്ദ്രവിഹിതവും 65% സംസ്ഥാനവിഹിതവുമാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ&
മെമ്പർ സെക്രട്ടറി,SCPS

ജില്ലാ വനിതാ ശിശു വികസന ഓഫീസർ, ആലപ്പുഴ,പാലക്കാട്,വയനാട്

**പകർപ്പ്:**

1. സൂപ്രണ്ട് A സെക്ഷൻ
2. സൂപ്രണ്ട് ചിൽഡ്രൻസ് ഹോം ആലപ്പുഴ,പാലക്കാട്,വയനാട്
3. ICPS –4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM- 12
WOMEN & CHILD DEVELOPMENT DEPARTMENT

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്